Mathrubhumi
മാതൃഭൂമി

Dated 18-11-2024

Page no 3, Column no 5&6

# ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് പല്ലശ്ശനയിൽ

**കൊല്ലങ്കോട്** ▸ ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ നവംബർ 24-ന് പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളിൽ നടക്കും. മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകൾ 20-ന് മുൻപ് ക്ലബ്ബ് രജിസ്ട്രേഷനും ടീം രജിസ്ട്രേഷനും ഓൺലൈനായി പൂർത്തിയാക്കണമെന്ന് സംഘാടകസമിതി അറിയിച്ചു. വെബ്സൈറ്റ്: www.throwballkerala.com. ഫോൺ: 9447742821.

Palakkad edition

ദേശാഭിമാനി

Dated 18-11-2024

Page no 4, Column no 7&8

# ത്രോബോൾ ചാമ്പ്യൻഷിപ് 24ന്

**കൊല്ലങ്കോട്**

പതിനൊന്നാമത് ജില്ലാ സീനിയർ ത്രോബോൾ ചാമ്പ്യൻഷിപ് 24ന് പല്ലശന വിഐഎം ഹയർ സെക്കൻഡറി സ്കൂളിൽ നടക്കും. പങ്കെടുക്കുന്നവർ 20നകം ക്ലബ്, ടീം രജിസ്ട്രേഷൻ എന്നിവ പൂർത്തിയാക്കണം. വെബ്സൈറ്റ്: www.throwballkerala.com ഫോൺ: 9447742821.

Palakkad edition

മലയാള മനോരമ




ജില്ലാ സീനീയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ പുരുഷ വിഭാഗം ജേതാക്കളായ പല്ലശ്ശന സ്ട്രൈക്കേഴ്സ് ആർട്സ് ആൻഡ് സ്പോർട് ക്ലബ് ടീം.




ജില്ലാ സീനീയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ വനിതാ വിഭാഗം. ജേതാക്കളായ പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂൾ ടീം.

# ജില്ലാ സീനിയർ ത്രോബോൾ മത്സരം നടത്തി

പല്ലശ്ശന ● ജില്ലാ സീനിയർ ത്രോബോൾ മത്സരത്തിൽ പുരുഷ വിഭാഗത്തിൽ പല്ലശ്ശന സ്ട്രൈക്കേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബും വനിതാ വിഭാഗത്തിൽ പല്ലശ്ശന വിഐഎം ഹയർ സെക്കൻഡറി സ്കൂളും ജേതാക്കളായി. പുരുഷ വിഭാഗത്തിൽ പല്ലശ്ശന ഡ്രീംസ് ത്രോബോൾ അക്കാദമിയും വനിത വിഭാഗത്തിൽ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും രണ്ടാം സ്ഥാനത്തെത്തി. പല്ലശ്ശന സപോർട്സ് അക്കാദമി, കെഎഫ്സി കാക്കയൂർ എന്നിവർ പുരുഷ വിഭാഗത്തിൽ മൂന്നാം സ്ഥാനക്കാരായി.

സ്പോർട്സ് അക്കാദമി പല്ലശ്ശന, കാക്കയൂർ റിക്രിയേഷൻ സെന്റർ എന്നിവർ വനിത വിഭാഗത്തിൽ മൂന്നാം സ്ഥാനക്കാരായി. പുരുഷ വിഭാഗത്തിൽ എസ്.അനയ്, വനിതാ വിഭാഗത്തിൽ എം.ഐശ്വര്യ എന്നിവരെ മികച്ച കളിക്കാരായി തിരഞ്ഞെടുത്തു. വിഐഎം ഹയർ സെക്കൻഡറി സ്കൂൾ പ്രധാനാധ്യാപിക ബി.സ്മിത സമ്മാനങ്ങൾ നൽകി. കെ.പ്രദീപ്, എ.ആർ.മുഹമ്മദ് റാഫി, മിനി മുഹമ്മദ്, കെ.മണികണ്ഠ പ്രസാദ്, എം.അനൂപ്, വി.ദിവ്യ എന്നിവർ പ്രസംഗിച്ചു.

Palakkad Edition
Dated 26-11-2024
Page no: 2
Column no: 6,7,&8

Mathrubhumi
മാതൃഭൂമി

# ജില്ലാ സീനിയർ ത്രോബോൾ: പല്ലശ്ശന സ്ട്രൈക്കേഴ്സ് ക്ലബ്ബും വി.ഐ.എം. സ്കൂളും ജേതാക്കൾ



ജില്ലാ സീനിയർ ത്രോബോൾ പുരുഷവിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന സ്ട്രൈക്കേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ്



വനിതാവിഭാഗത്തിൽ ജേതാക്കളായ പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂൾ

**കൊല്ലങ്കോട്►** പല്ലശ്ശനയിൽ സമാപിച്ച പതിനൊന്നാമത് ജില്ലാ സീനിയർ ത്രോബോൾ മത്സരങ്ങളിൽ പുരുഷവിഭാഗത്തിൽ പല്ലശ്ശന സ്ട്രൈക്കേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബും വനിതാവിഭാഗത്തിൽ പല്ലശ്ശന വി.ഐ.എം. ഹയർസെക്കൻഡറി സ്കൂളും ജേതാക്കളായി.

പുരുഷവിഭാഗത്തിൽ പല്ലശ്ശന ഡ്രീംസ് ത്രോബോൾ അക്കാദമിയും വനിതാ വിഭാഗത്തിൽ പല്ലശ്ശന ചാലഞ്ചേഴ്സ് സ്പോർട്സ് ക്ലബ്ബും രണ്ടാംസ്ഥാനം നേടി. പല്ലശ്ശന സപോർട്സ് അക്കാദമി, കാക്കയൂർ കെ.എഫ്.സി. എന്നിവർ പുരുഷവിഭാഗത്തിലും പല്ലശ്ശന സ്പോർട്സ് അക്കാദമി, കാക്കയൂർ റിക്രിയേഷൻ സെന്റർ എന്നിവർ വനിതാ വിഭാഗത്തിലും മൂന്നാംസ്ഥാനത്തെത്തി.

പ്രധാനാധ്യാപിക ബി. സ്മിത സമ്മാനവിതരണം നടത്തി. കെ. പ്രദീപ്, എ.ആർ. മുഹമ്മദ് റാഫി, മിനി മുഹമ്മദ്, കെ. മണികണ്ഠപ്രസാദ്, എം. അനൂപ്, വി. ദിവ്യ എന്നിവർ സംസാരിച്ചു. ഡിസംബർ 7 മുതൽ അയിലൂരിൽ നടക്കുന്ന സംസ്ഥാന സീനിയർ ത്രോബോൾ മത്സരത്തിനുള്ള ജില്ലാ ടീമുകളെ തിരഞ്ഞെടുത്തു.

**Palakkad edition**
**Dated 27-12-24**
**page no:3 Column no:5,6,7&8**